(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പദ്ധതി

*3 [258] ശ്രീ. എ. കെ. ബാലൻ:

,, മഞ്ഞളാംകുഴി അലി:

,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) തെരഞ്ഞെടുത്ത കോളേജുകൾക്ക് എന്ത് സഹായമാണ് നൽകുന്ന തെന്നും അത് എത്ര വർഷത്തേക്കാണ് എന്നും വ്യക്തമാക്കുമോ;

(ഡി) സഹായം നൽകുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ലോകബാങ്ക് സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റേതാണ്. സാങ്കേതിക വിദ്യാഭ്യാസ മേഖലയെ ദേശീയ നയങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി നവീകരിച്ച് ലോകനിലവാരമുള്ള എഞ്ചിനീയറിംഗ് പ്രൊഫഷണലുകളെ വാർത്തെടുക്കുകയും അതുവഴി വ്യവസായം, വാണിജ്യം, സർവ്വീസ് മേഖലകൾ എന്നിവയ്ക്കാവശ്യമായ പിന്തുണ നൽകി ഇന്ത്യയെ ഒരു സാമ്പത്തിക ഊർജ്ജ ദേനമാക്കുകയുമാണ് പദ്ധതി ലക്ഷ്യം. ഈ പദ്ധതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് മാനേജ്മെന്റിലും, മനുഷ്യ ധനപരമായ സ്വാതന്ത്ര്യം എന്നിവ വിഭാവനം ചെയ്തിരിക്കുന്നു. ഇതു നടപ്പാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് ലോക ബാങ്കിന്റെ ഭാഗമായ ഇന്റർ നാഷണൽ ഡവലപ്മെന്റ് അസോസിയേഷനുമായി (ഐ.ഡി.എ.) 2002 സെപ്റ്റംബറിൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) കേന്ദ്ര നടത്തിപ്പിലുള്ള സ്ഥാപനമായ കോഴിക്കോട് എൻ.ഐ.ടി.-യെ പുറമേ സംസ്ഥാന ഗവൺമെന്റ് സ്ഥാപനമായ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പിലുള്ള ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം,

LIBRARY ARCHIVES Kerala Legislative Assembly

ഐ.എച്ച്.ആർ.ഡി.-യുടെ നടത്തിപ്പിലുള്ള കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ, മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി, എൽ.ബി.എസ്. സെന്ററിന്റെ നടത്തിപ്പിലുള്ള എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്, പ്രൈവറ്റ് അൺ എയിഡഡ് സ്ഥാപനമായ എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുറ്റിപ്പുറം എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) 2003 മാർച്ച് മുതൽ 5 വർഷത്തേയ്ക്കാണ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്. തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് മൊത്തം ചെലവിന്റെ 80% സാമ്പത്തിക സഹായം കൊടുക്കുന്നു. പ്രസ്തുത 80%-ന്റെ 70% വായ്പ 30% ഗ്രാന്റ് എന്ന അനുപാതത്തിലാണ് പദ്ധതി സഹായം. പദ്ധതി കാലയളവിൽ എൻ.ഐ.ടി. ഒഴികെയുള്ള 6 കോളേജുകൾക്ക് 40.85 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം ലഭിക്കുന്ന മൊത്തം തുകയുടെ ലോൺ ഭാഗമായ 70% പലിശ ഉൾപ്പെടെ 20 കൊല്ലം കൊണ്ട് തിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) സഹായം ലഭിക്കുന്ന സ്ഥാപനം എൻ.ബി.എ. (നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ) അക്രഡിറ്റേഷനുള്ളവയാകണം. ഉത്തരവാദിത്തമുള്ള അക്കാദമിക് സ്വയംഭരണം, സാമ്പത്തിക സ്വയംഭരണം, മാനേജീരിയൽ സ്വയംഭരണം എന്നിവയ്ക്ക് പുറമേ ഉത്തരവാദിത്തമുള്ള അഡ്മിനിസ്ട്രേറ്റീവ് സ്വയംഭരണവും പ്രസ്തുത സ്ഥാപനത്തിന് ഉണ്ടാവണം, ഇവയാണ് പ്രധാന നിബന്ധനകൾ.

കടലാക്രമണത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് സമാശ്വാസ പദ്ധതികൾ

*4 [259] ശ്രീ. ജോണി നെല്ലൂർ:
„ ഷിബു ബേബിജോൺ:
„ ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻ ബാബു:
„ കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് സർക്കാർ നൽകുന്ന സമാശ്വാസ സാമ്പത്തിക പദ്ധതികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കടൽക്ഷോഭത്തിൽ ഈ വർഷം എത്ര വീടുകൾ പൂർണ്ണമായി തകർന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഭാഗികമായി തകർന്നവ എത്ര;

(ഡി) വീടുകൾ, വസ്തുവകകൾ, കൃഷി എന്നീ ഇനത്തിലെല്ലാം കൂടി ആകെ ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly